ആവശ്യപ്പെടുകയാണ്. ജപ്തി നടപടിവരെ ആയിരിക്കുകയാണ്. സംസ്ഥാനത്തെ കൃഷിക്കാരെമ്പാടും ഒരു പ്രതിസന്ധിയെ നേരിടുന്ന ഈ കാലഘട്ടത്തിൽ ഈ ജപ്തി നടപടികൾ ഒഴിവാക്കുകയും ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റുകയും പലിശ ഇളവ് കൊടുക്കുകയും പണം തിരിച്ചടയ്ക്കുന്നതിന് സാവകാശം കൊടുക്കുകയും ഇങ്ങനെ കൃഷിക്കാരെ രക്ഷിക്കുകയും ചെയ്യുന്നതിനുള്ള നടപടികളിലേക്ക് ഗവൺമെന്റ് നീങ്ങണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള പലിശയുടെ 50 ശതമാനം സബ്സിഡിയായി നൽകുന്നതിനുള്ള കാലാവധി ഇപ്പോഴുണ്ടായ വെള്ളപ്പൊക്ക കെടുതിയുടെ സാഹചര്യത്തിൽ സെപ്റ്റംബർ 30-ാം തീയതി വരെ നീട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൃഷിവകുപ്പിൽനിന്നും നൽകുന്ന വായ്പകൾ ചില നിബന്ധനകൾക്ക് വിധേയമായി മുൻകടം മടക്കി അടയ്ക്കാൻ കഴിയാത്തവർക്കുംകൂടി എഴുതി നൽകുന്നതാണ്.

(16) നേഴ്സുമാരുടെ ജോലിസമയം ലഘൂകരിക്കുക

ശ്രീമതി ഭാഗർഗ്ഗവി തങ്കപ്പൻ : സർ, നമ്മുടെ ആശുപത്രികളിൽ അടിമകളെപ്പോലെ ജോലി ചെയ്യുന്നവരാണ് നേഴ്സുമാർ. നിയമസഭ സമ്മേളിക്കുമ്പോഴെല്ലാം അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടേറിയറ്റുപടിക്കൽ ധർണ്ണ, പിക്കറ്റിംഗ് തുടങ്ങിയ സത്യാഗ്രഹ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഇക്കഴിഞ്ഞ ആഴ്ചയിലും അവർ സെക്രട്ടേറിയറ്റ് പടിക്കൽ ധർണ നടത്തുകയുണ്ടായി. അവരുടെ പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നാണ് 14 മണിക്കൂർ ജോലി സമയം 8 മണിക്കൂറായി കുറയ്ക്കുകയെന്നുള്ളത്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മൂന്നു ഷിഫ്റ്റുകൾ ഏർപ്പെടുത്തികൊണ്ട് 8 മണിക്കൂർ ജോലിയെന്നുള്ള വ്യവസ്ഥ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്താണ് നടപ്പാക്കിയത്. ആ വ്യവസ്ഥ എല്ലാ ആശുപത്രികളിലും നടപ്പിലാക്കാനും നേഴ്സുമാരെ കൂടുതൽ നിയമിക്കാനും അവരുടെ 10 അടിയന്തിരാവശ്യങ്ങൾ അംഗീകരിച്ചു കൊടുക്കാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): എട്ടുമണിക്കൂർ ജോലിയെന്നുള്ള വ്യവസ്ഥ നടപ്പിലാക്കിയത് ഒരു സ്ഥലത്തും നിർത്തൽ ചെയ്തിട്ടില്ല. പക്ഷെ അത് നടപ്പിലാക്കിയിട്ടില്ല. 8 മണിക്കൂർ ജോലിയെന്നുള്ള വ്യവസ്ഥ പ്രയോഗികമല്ലായെന്നുള്ളത് കണ്ടിട്ടാണ് ആ ഒരു നീക്കം നടത്തിയെങ്കിലും നടപ്പിലാക്കാത്തത്. 14 മണിക്കൂർ എന്നുള്ള സജഷനാണുണ്ടായിരുന്നത്. ചില ഷിഫ്റ്റിൽ 6-ഉം 5-ഉം മണിക്കൂറുകൾ, ചില ഷിഫ്റ്റിൽ 6-ഉം 6-ഉം മണിക്കൂറുകൾ, പിന്നെ 12 മണിക്കൂർ ഇങ്ങനെയൊക്കെ കണക്കാക്കിയിട്ട് അവസാനം അത് പ്രായോഗികമല്ലെന്നുകണ്ട് ഉപേക്ഷിച്ച മട്ടിലാണ്. ഏതായാലും ശരി എട്ട് മണിക്കൂർ ആക്കുകയെന്നുള്ള വ്യവസ്ഥ പ്രായോഗികമല്ല, അവരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനുവേണ്ടി, മണിക്കൂറുകൾ കുറച്ചുകൊണ്ടുവരുന്നതിന്, എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly